## വിശുദ്ധ

## കുര്യാക്കോസ് ഏലിയാസ് ചാവറ

# നവനാൾ ജപം



*Published by*

Chavara Pilgrim Centre
Post Box No. 3
Mannanam - 686 561
Kerala, India
Ph: 0481 - 259 8150

All Rights Reserved

# നവനാൾ ജപം

## വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ

### പ്രാരംഭഗീതം

*(അദ്ധ്വാനിക്കുന്നവർക്കും ഭാരം വഹിക്കുന്നവർക്കും* എന്ന രീതി*)*

കർമ്മല ചൈതന്യത്തിൻ
നിർമ്മല ദർപ്പണമേ
കുര്യാക്കോസ് പുണ്യതാതാ
ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ

ജീവിതവീഥികളിൽ
പാപമകറ്റീടുവാൻ
ആത്മാവിനാനന്ദവും
രക്ഷയും നേടീടുവാൻ (കർമ്മല...)

രോഗവും പീഡകളും
ശാന്തമായ് സ്വീകരിക്കാൻ
ആശ്രയമെന്നുമെന്നും
ദൈവത്തിലർപ്പിക്കുവാൻ (കർമ്മല...)

## പ്രാരംഭ പ്രതിവാക്യം

**കാർമ്മി.** ദൈവമേ, എന്റെ നീതിമാനായ രക്ഷകാ! നിന്നെ വിളിച്ചപ്പോൾ നീ എനിക്കുത്തരമരുളി.

**സമൂ.** ഞെരുക്കങ്ങളിൽ നീ എന്നെ ആശ്വസിപ്പിച്ചു എന്നിൽ കരുണതോന്നി എന്റെ പ്രാർത്ഥന ചെവി ക്കൊള്ളണമേ (സങ്കീ 4,1-2).

## പ്രാരംഭപ്രാർത്ഥന

**കാർമ്മി:** ഞങ്ങളുടെ കർത്താവേ, കർമ്മലസഭയുടെ പുണ്യവും ഭാരതസഭയുടെ അഭിമാനവും കേരള ജ നതയുടെ വളർത്തുപിതാവുമായ ചാവറയച്ചനെ ഞങ്ങൾക്കു മാതൃകയും മദ്ധ്യസ്ഥനുമായി നല്കിയ നിന്റെ അനന്തപരിപാലനത്തിനു ഞങ്ങൾ നന്ദിപറ യുന്നു. 'മാമ്മോദീസായിൽ ലഭിച്ച ദൈവേഷ്ടപ്രസാ ദത്തെ നഷ്ടപ്പെടുത്തുവാൻ ദൈവകൃപയാൽ എനിക്ക് ഇടയായിട്ടില്ല' എന്നുച്ചരിച്ചുകൊണ്ട് നിന്റെ പെസഹാ രഹസ്യങ്ങളുടെ ചൈതന്യത്തിലും ജ്വലിക്കുന്ന തീക്ഷ്ണതയിലും വ്യാപരിച്ച ചാവറയച്ചനെപ്പോലെ മാമ്മോദീസായിലൂടെ ലഭിച്ച വിശുദ്ധിയിലേക്കുള്ള വിളിക്ക് അനുദിനം പ്രത്യുത്തരം നല്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. പതിതർക്കും പാവപ്പെട്ടവർക്കും അക്ഷരാഭ്യാസം പകർന്നുനൽകിയും സാധുജന

ങ്ങൾക്ക് പാർപ്പിടവും ഭക്ഷണവും വസ്ത്രവും നല്കിയും അവഗണിക്കപ്പെട്ടവരായ ജനതകൾക്ക് സുവിശേഷമെത്തിച്ചും സർവ്വോപരി തനിക്ക് ഏല്പിക്കപ്പെട്ട സന്യാസസമൂഹത്തെയും സഭമുഴുവനെയും ആത്മീയശിക്ഷണത്തിലും ഐക്യത്തിലും വളർത്തിയ ഈ പുണ്യപിതാവിന്റെ സ്മരണ യാചിച്ചു പ്രാർത്ഥിക്കുന്ന ഞങ്ങൾക്ക് ആത്മീയവും ഭൗതികവുമായ എല്ലാ കൃപാദാനങ്ങളും നല്കണമേ. ആത്മീയവരങ്ങളുടെ ദാതാവും കരുണാസമ്പന്നനുമായ സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

**സങ്കീർത്തനം 23** *(ഇരുഗണമായി ചൊല്ലുന്നു)*

**കാർമ്മി:** കർത്താവ് എന്നെ മേയിക്കുന്നു;
ഒന്നിനും എനിക്ക് കുറവുണ്ടാകുകയില്ല.
(കാനോനാ) കർത്താവിൽ നമുക്ക് പ്രത്യാശ വയ്ക്കാം; ഭവനവാസികളുടെ സംരക്ഷകൻ അവനാണല്ലോ.

**സമൂ:** കർത്താവ് എന്നെ മേയിക്കുന്നു; ഒന്നിനും എനിക്ക് കുറവുണ്ടാകുകയില്ല.

**കാർമ്മി:** തഴച്ച മേച്ചിൽസ്ഥലത്ത് അവനെന്നെ വസിപ്പിക്കുന്നു; പ്രശാന്തമായ ജലാശയത്തിലേക്ക് ആനയിക്കുന്നു.

**സമൂ:** കർത്താവ് എന്നെ മേയിക്കുന്നു...

**കാർമ്മി:** അവൻ എന്റെ ആത്മാവിനെ പിന്തിരിപ്പിക്കുന്നു; നേരായ മാർഗ്ഗത്തിലൂടെ നയിക്കുന്നു.

**സമൂ:** കർത്താവ് എന്നെ മേയിക്കുന്നു...

**കാർമ്മി:** മരണത്തിന്റെ നിഴൽവീണ താഴ്‌വാരത്തിലൂടെ നടന്നാലും നീ എന്നോടൊത്തുള്ളതിനാൽ യാതൊരു അനർത്ഥവും ഞാൻ ഭയപ്പെടുകയില്ല.

**സമൂ:** കർത്താവ് എന്നെ മേയിക്കുന്നു...

**കാർമ്മി:** നിന്റെ ദണ്ഡും വടിയും എനിക്കുറപ്പേകുന്നു.

**സമൂ:** കർത്താവ് എന്നെ മേയിക്കുന്നു...

**കാർമ്മി:** എന്റെ ശത്രുക്കളുടെ മുമ്പിൽ നീയെനിക്കു വിരുന്നൊരുക്കുന്നു; ശിരസ്സിൽ തൈലം പൂശുന്നു; എന്റെ പാനപാത്രം കവിഞ്ഞൊഴുകുന്നു.

**സമൂ:** കർത്താവ് എന്നെ മേയിക്കുന്നു...

**കാർമ്മി:** നിന്റെ കൃപയും കരുണയും ജീവിതകാലം മുഴുവൻ എന്നെ പിന്തുടരും; കർത്താവിന്റെ ഭവനത്തിൽ ദീർഘനാൾ ഞാൻ വസിക്കും.

**സമൂ:** കർത്താവ് എന്നെ മേയിക്കുന്നു...

**കാർമ്മി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂ:** ആദിമുതൽ എന്നേയ്ക്കും ആമ്മേൻ. (കാനോനാ) കർത്താവിൽ നമുക്ക് പ്രത്യാശ വയ്ക്കാം; ഭവനവാസികളുടെ സംരക്ഷകൻ അവനാണല്ലോ.

**കാർമ്മി.** ഞങ്ങളുടെ അഭയസങ്കേതമായ മിശിഹായേ, ഞങ്ങൾ പ്രത്യേകമായി അനുസ്മരിക്കുന്ന വിശുദ്ധ ചാവറയച്ചന്റെ പ്രാർത്ഥനകളാൽ ഞങ്ങൾക്ക് സങ്കടങ്ങളിൽ ആശ്വാസവും ക്ലേശങ്ങളിൽ തുണയും ആപത്തുകളിൽ സംരക്ഷണവും പ്രദാനം ചെയ്യണമേ. ചോദിക്കുന്നതിനു മുമ്പേ ഞങ്ങളുടെ ആവശ്യങ്ങൾ അറിയുന്ന സ്വർഗ്ഗീയപിതാവിനെ ഞങ്ങൾക്ക് കാണിച്ചുതന്ന കർത്താവേ, ദൈവപരിപാലനത്തിൽ സമ്പൂർണ്ണമായി ആശ്രയം വച്ചുകൊണ്ട് ഞങ്ങളുടെ അദ്ധ്വാനഭാരങ്ങളെയും ജീവിതക്ലേശങ്ങളെയും സമചിത്തതയോടെ ഏറ്റെടുക്കാനുള്ള ശക്തിയും ധൈര്യവും ഞങ്ങൾക്ക് നൽകണമേ. തന്നെ സ്നേഹിക്കുകയും തന്റെ പദ്ധതിയനുസരിച്ച് വിളിക്കപ്പെടുന്നവർക്ക് സകലതും നന്മയ്ക്കായി ക്രമപ്പെടുത്തുകയും ചെയ്യുന്ന സകലത്തിന്റെയും നാഥാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

## വചനഗീതം

(ഓശാന ഈശനു സതതം)
പാടീടാം നാഥനു മോദാൽ
ഹല്ലേലൂ ഹല്ലേലൂ ഹല്ലേലൂയ്യാ

ഞങ്ങളിന്നാരുടെ ചാരെയെത്തും
ജീവന്റെ വചസ്സുകൾ നിന്നിലല്ലോ
നിൻ തിരുമൊഴികൾ തൻ മണിനിദനം
മനമതിലനുദിനം മുഴങ്ങിടട്ടെ

ഹൃത്തടം ഞങ്ങളിന്നൊരുക്കി നില്പൂ
വിതച്ചിടു വചനമാം വിത്തുകളെ
വചനത്തിൻ വിളവയലാർന്നു ഞങ്ങൾ
കതിരണിഞ്ഞിടട്ടെ നൂറുമേനി

**ലഘുവചനപാഠം** *(വി. ഗ്രന്ഥത്തിൽനിന്നു വായിക്കുന്നു)*

യോഹ 10:14-16

പിതാവ് എന്നെ അറിയുകയും ഞാൻ പിതാവിനെ അറിയുകയും ചെയ്യുന്നതുപോലെ, ഞാൻ എനിക്കുള്ളവയെയും എനിക്കുള്ളവ എന്നെയും അറിയുന്നു. ആടുകൾക്കുവേണ്ടി ഞാൻ എന്റെ ജീവൻ ബലികഴിക്കുന്നു. ഈ തൊഴുത്തിൽപ്പെടാത്ത മറ്റാടുകളും എനിക്കുണ്ട്. അവയെക്കൂടി ഞാൻ കൊണ്ടുവരേണ്ടിയിരിക്കുന്നു; അവ എന്റെ സ്വരം കേൾക്കും.

അങ്ങനെ ഒരാട്ടിൻപറ്റവും ഒരിടയനുമാകും.

*(ഉചിതമായ മറ്റു ലഘുവായനകൾ തിരഞ്ഞെടുക്കാവുന്നതാണ്)*

## ലഘുസന്ദേശം - നിശബ്ദധ്യാനം

(അനുഗ്രഹങ്ങളും അപേക്ഷകളും)

## കാറോസൂസാ (പൊതുവായത്)

**കാർമ്മി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടെനിന്ന് കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ എന്ന് പ്രാർത്ഥിക്കാം.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമ്മി:** രക്ഷയുടെ അടയാളമായി ഭൂമിയിൽ നീ സ്ഥാപിച്ച നിന്റെ പരിശുദ്ധസഭയെ സ്നേഹത്തിലും വിശ്വാസത്തിലും പരിപാലിക്കുന്ന ഞങ്ങളുടെ പരി. പിതാവ് മാർ.... പാപ്പായെയും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മാർ.... മെത്രാപ്പോലീത്തായെയും ഞങ്ങളുടെ പിതാവും മേലദ്ധ്യക്ഷനുമായ മാർ.... മെത്രാപ്പോലീത്തായെയും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമ്മി:** വിശുദ്ധിയും വിജ്ഞാനവുമുള്ള വൈദിക രെയും ത്യാഗവും സാക്ഷ്യവും നിറഞ്ഞ സമർപ്പിത രെയും പ്രാർത്ഥനയും പുണ്യപ്രവൃത്തികളും നിറഞ്ഞ സഭാസന്താനങ്ങളെയും പ്രദാനം ചെയ്ത് നിന്റെ സഭയെ നിരന്തരം നവീകരിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാക ണമേ.

**കാർമ്മി:** മിശിഹായുടെ സ്നേഹത്തിന്റെ കൂദാശയായ വിവാഹത്തിലൂടെ ബന്ധിതരായ ഭാര്യാഭർത്താക്കന്മാർ വിശ്വസ്തതയിലും സ്നേഹത്തിലും പരസ്പരം വിശു ദ്ധീകരിക്കാനും ദൈവം നല്കുന്ന മക്കളെ സ്വീകരിച്ച് അവരെ വിശുദ്ധിയിലും സുകൃതങ്ങളിലും വളർത്താനും അനുഗ്രഹിക്കണമെന്ന് നിന്നോടു ഞ ങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാക ണമേ.

**കാർമ്മി:** യുവതീയുവാക്കന്മാർ അവരുടെ ജീവിതാ ന്തസ്സു കണ്ടെത്തി ലക്ഷ്യബോധത്തോടെ അദ്ധ്വാനി ക്കാനും കുഞ്ഞുങ്ങൾ സന്മാർഗ്ഗത്തിലുറച്ചുനിന്ന് ദൈവകൃപയിലും വിശുദ്ധിയിലും വളർന്നുവരാനും വയോധികർ സംതൃപ്തിയിലും പ്രത്യാശയിലും വ്യാപ

രിക്കാനും വേണ്ട കൃപാവരം നല്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

## കാറോസൂസാ (വിശുദ്ധ ചാവറയച്ചൻ)

**കാർമ്മി:** ഇടയനില്ലാത്ത ആടുകളെപ്പോലെ അലഞ്ഞ കേരളസഭാമക്കളെ ഐക്യത്തിൽ സംരക്ഷിക്കുകയും സഭയിലും സമൂഹത്തിലും ആത്മീയവും ബൗദ്ധികവുമായ വിദ്യാഭ്യാസത്തിന്റെ വെളിച്ചം വിതറുകയും മുദ്രാലയപ്രേഷിതത്വത്തിലും സാധുജനപരിപാലനത്തിലും സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളിലും നേതൃത്വം വഹിച്ച് സുവിശേഷചൈതന്യം ലോകത്തിലെത്തിക്കുകയും ചെയ്ത നല്ല ഇടയനായ ചാവറപ്പിതാവിന്റെ പ്രാർത്ഥനാസഹായത്താൽ ഞങ്ങളുടെ സഭയെയും സമൂഹത്തെയും ധാർമ്മികചൈതന്യത്തിലും സദാചാരബോധത്തിലും പരസ്പര സഹകരണത്തിലും വളർത്തണമെന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമ്മി:** സുവിശേഷദൗത്യവുമായി വഴിയോരങ്ങ

ളിലും വയലേലകളിലും തെരുവിലും കടൽത്തീരത്തും മനുഷ്യമക്കളെ അന്വേഷിച്ചിറങ്ങിയ നല്ല ഇടയനായ ഈശോയേ, നിന്നെ പിഞ്ചെന്നുകൊണ്ട് സമൂഹത്തിന്റെ നാനാ മേഖലകളിലും സുവിശേഷമെത്തിക്കാൻ സമർപ്പിതസമൂഹങ്ങൾക്കു രൂപംനല്കുകയും ധ്യാനപരിശീലനംകൊണ്ട് ഇടവകകളെയും കുടുംബങ്ങളെയും വിദ്യാഭ്യാസവും മുദ്രാലയപ്രേഷിതത്വവും കൊണ്ട് പൊതുസമൂഹത്തെയും നവീകരിക്കുകയും ചെയ്ത ചാവറപ്പിതാവിന്റെ പ്രാർത്ഥനകളാൽ പ്രേഷിതരംഗത്തു പ്രവർത്തിക്കുന്നവരെയും അവരുടെ സേവനം ലഭിക്കുന്നവരെയും വിശ്വാസതീക്ഷ്ണതയിലും സ്നേഹചൈതന്യത്തിലും വളർത്തണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

**കാർമ്മി:** പാതിരാത്രിയിൽ ഉണർന്നു മുട്ടുകുത്തി പ്രാർത്ഥിച്ചിരുന്ന തന്റെ അമ്മയിൽനിന്നും പ്രാർത്ഥനയുടെ ബാലപാഠങ്ങളഭ്യസിച്ച് ദീർഘനേരം പ്രാർത്ഥനയിൽ ചെലവഴിച്ച ചാവറയച്ചനെപ്പോലെ മാതാപിതാക്കന്മാരിൽനിന്നും സന്മാതൃകയുടെ പാഠമുൾക്കൊണ്ട് വളരാൻ ഞങ്ങളുടെ കുഞ്ഞുങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാക ണമേ.

**കാർമ്മി:** നല്ല അപ്പന്റെ ചാവരുളിലൂടെ കുടുംബ ങ്ങൾക്ക് നവീകരണത്തിന്റെ പാത കാട്ടിത്തന്ന ചാവറ പ്പിതാവിന്റെ ഉപദേശങ്ങൾ ഉൾക്കൊള്ളാനും ദുശ്ശീല ങ്ങൾ വെടിഞ്ഞ് ദൈവഭയത്തിലും ശിക്ഷണബോധ ത്തിലും സന്മാതൃകയിലും നീതിബോധത്തിലും ഞങ്ങ ളുടെ കുടുംബങ്ങൾ വളർന്നുവരാനും അനുഗ്രഹിക്ക ണമെന്നു നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാക ണമേ.

**കാർമ്മി:** കാറും കോളും നിറഞ്ഞ കേരളസഭയിൽ സമാധാനത്തിന്റെയും ഐക്യത്തിന്റെയും ദൂതനായി അയയ്ക്കപ്പെട്ട ചാവറപ്പിതാവിന്റെ പ്രാർത്ഥനകളാൽ എല്ലാ വിഭാഗീയ ചിന്താഗതികളും വെടിഞ്ഞ് സഭ യിലും സമൂഹത്തിലും സമാധാനവും ഐക്യവും പരസ്പര ധാരണയും പുലരാൻ അനുഗ്രഹിക്കണ മെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാക ണമേ.

**കാർമ്മി:** വിദ്യാഭ്യാസ പ്രേഷിതത്വത്തിലൂടെ ഇടവക കൾതോറും പള്ളിക്കൂടങ്ങൾ സ്ഥാപിച്ച് ഗ്രാമാന്തര

ങ്ങളിൽ വിദ്യയുടെ വെളിച്ചമേകുകയും ഉച്ചനീചത്വ ങ്ങളില്ലാതെ എല്ലാവരെയും ഒന്നിച്ചുചേർത്ത് കേരള ത്തിൽ സാമൂഹിക പരിവർത്തനത്തിനു ആരംഭം കുറി ക്കുകയും പാവങ്ങൾക്ക് അന്നദാനവും അഗതികൾക്ക് അനാഥാലയവും ഏർപ്പെടുത്തി സംഘടിത സാധു ജനപരിപാലനത്തിന് തുടക്കംകുറിക്കുകയും ചെയ്ത ചാവറപ്പിതാവിന്റെ മാതൃകയുൾക്കൊണ്ടുകൊണ്ട് വേദ നിക്കുന്നവരിലേക്കും അവകാശം നിഷേധിക്കപ്പെട്ടി രിക്കുന്നവരിലേക്കും ഇറങ്ങിച്ചെന്ന് ശുശ്രൂഷചെയ്യാ നുള്ള അനുഗ്രഹങ്ങൾ സഭാതനയർക്കെല്ലാം നല്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാക ണമേ.

## ബാവൂസാ

### (വിശുദ്ധ ചാവറയച്ചന്റെ മാധ്യസ്ഥ്യത്തിലുള്ള യാചനാപ്രാർത്ഥനകൾ)

(**ഐച്ഛികം:** ഉചിതമായവ തെരഞ്ഞെടുത്ത് ചൊല്ലാവുന്നതാണ്)

**കാർമ്മി:** മൂലപാപങ്ങളായ നിഗളവും ദ്രവ്യാഗ്രഹവും മോഹവും കൊതിയും അസൂയയും അലസതയും കോപവും നീക്കം ചെയ്ത് എളിമയും ഔദാര്യവും അടക്കവും മിതഭോജനവും സ്നേഹവും ഉത്സാഹവും ഞങ്ങളിൽ വളർത്തണമെന്ന് വിശുദ്ധ ചാവറയച്ചന്റെ

മാദ്ധ്യസ്ഥ്യസഹായത്താൽ നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**സമൂ:** കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**കാർമ്മി:** പരിശുദ്ധ റൂഹായുടെ ദാനങ്ങളായ ജ്ഞാനവും ബുദ്ധിയും ആലോചനയും അറിവും ഭക്തിയും ആത്മശക്തിയും ദൈവഭയവും ഞങ്ങളിൽ നിറയ്ക്കണമെന്ന് നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**സമൂ:** കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**കാർമ്മി:** ഞങ്ങളോടു തെറ്റുചെയ്യുന്നവരോട് ഹൃദയപൂർവ്വം ക്ഷമിക്കുവാനും ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കാനും പകയും വിദ്വേഷവും കൈവെടിഞ്ഞ് സ്നേഹത്തിൽ സദാ വർത്തിക്കാനുമുള്ള അനുഗ്രഹം ഞങ്ങൾക്കു പ്രദാനം ചെയ്യണമെന്ന് ഞങ്ങൾ യാചിക്കുന്നു.

**സമൂ:** കർത്താവേ നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**കാർമ്മി:** ലോകത്തിന്റെ ദുരാശകളിലും പാപത്തിന്റെ ബന്ധനങ്ങളിലും പിശാചിന്റെ കെണികളിലും ഉൾപ്പെട്ട് ദുർമോഹങ്ങളിലും ആസക്തികളിലും വിവിധ ദുശ്ശീലങ്ങളിലും കുടുങ്ങിക്കിടക്കുന്നവർക്ക് മോചനവും സൗഖ്യവും പ്രത്യാശയും പകർന്നു നല്കണമെന്ന് ഞങ്ങൾ യാചിക്കുന്നു.

**സമൂ:** കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**കാർമ്മി:** ലോകരാഷ്ട്രങ്ങൾ തമ്മിൽ സഹകരണവും ഐക്യവും വളർത്തണമെന്നും ഭൂമുഖത്തുനിന്ന് യുദ്ധങ്ങളും പ്രകൃതിദുരന്തങ്ങളും പകർച്ചവ്യാധികളും എല്ലാവിധ അക്രമവും മർദ്ദനവും അടിമത്തവും നീക്കിക്കളയണമെന്നും അഭയാർത്ഥികളെയും പീഡിതരെയും കാരാഗൃഹവാസികളെയും പ്രത്യാശയിൽ സംരക്ഷിക്കണമെന്നും നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**സമൂ:** കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**കാർമ്മി:** രാഷ്ട്രീയാധികാരികൾ പൊതുനന്മയ്ക്കുവേണ്ടി നിസ്വാർത്ഥമായി സേവനം ചെയ്യാനും ധാർമ്മിക മൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ട് പൊതുജീവിതത്തിൽ അക്രമവും അഴിമതിയും വിഭാഗീയതയും തുടച്ചുനീക്കാനുംവേണ്ട അനുഗ്രഹം നല്കണമെന്ന് ഞങ്ങൾ യാചിക്കുന്നു.

**സമൂ:** കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**കാർമ്മി:** തൊഴിലില്ലായ്മയിൽ വലയുന്നവർക്ക് മാന്യമായ തൊഴിൽ ലഭിക്കാനും കൃഷിഭൂമിയിലും തൊഴിലിടങ്ങളിലും വ്യാപരിക്കുന്നവർ ഉത്തരവാദിത്വപൂർവ്വം വേലയെടുക്കുവാനും പരിസ്ഥിതിയെയും പ്രകൃതിവിഭവങ്ങളെയും സംരക്ഷിക്കുവാനും വേണ്ട അനുഗ്രഹം നൽകണമെന്ന് ഞങ്ങൾ യാചിക്കുന്നു.

**സമൂ:** കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**കാർമ്മി:** സമ്പന്നരാഷ്ട്രങ്ങളും കുടുംബങ്ങളും വ്യക്തികളും ദുർവ്യയവും ആഡംബരവും ഒഴിവാക്കി തങ്ങളുടെ വിഭവങ്ങൾ പാവപ്പെട്ടവരുമായി പങ്കുവയ്ക്കുന്നതിനും, ഞങ്ങളോരോരുത്തർക്കും കഴിയും വിധം പീഡിതരെയും പാവപ്പെട്ടവരെയും സഹായിക്കാനുമുള്ള ഹൃദയവിശാലത നല്കണമെന്നും ഞങ്ങൾ യാചിക്കുന്നു.

**സമൂ:** കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**കാർമ്മി:** ജീവിതത്തിന്റെ തകർച്ചയിലും പരാജയങ്ങളിലും കഴിയുന്നവർക്ക് പ്രത്യാശ പകരണമെന്നും വേദനിക്കുന്നവരുടെ ആവശ്യങ്ങളിലേക്ക് ആശ്വാസവുമായി ഇറങ്ങിച്ചെല്ലാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്നും ഞങ്ങൾ യാചിക്കുന്നു.

**സമൂ:** കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**കാർമ്മി:** കുടുംബങ്ങളിൽ സമാധാനം പുലർത്തണമെന്നും മനുഷ്യജീവനെ വിലമതിക്കാനും സംരക്ഷിക്കാനും ജീവന്റെ സുവിശേഷത്താൽ ഞങ്ങളുടെ കുടുംബങ്ങളെയും സമൂഹത്തെയും പ്രകാശിപ്പിക്കണമെന്നും ഞങ്ങൾ യാചിക്കുന്നു.

**സമൂ:** കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**കാർമ്മി:** മനുഷ്യഹൃദയങ്ങളെ ദിവ്യരക്ഷകനായ മിശി

ഹായുടെ സ്നേഹവെളിച്ചത്താൽ പ്രകാശിപ്പിക്കണെമെന്നും വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും മറ്റുള്ളവർക്ക് മിശിഹായുടെ സ്നേഹം പകരാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്നും ഞങ്ങൾ യാചിക്കുന്നു.

**സമൂ:** കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**കാർമ്മി:** *മൗനമായിനിന്ന് നമ്മുടെ വ്യക്തിപരമായ നിയോഗങ്ങൾ വിശുദ്ധ ചാവറയച്ചന്റെ പ്രാർത്ഥനാ സഹായത്തിനായി നമുക്ക് സമർപ്പിക്കാം. (നിശബ്ദം).*

## ഏറ്റുചൊല്ലുവാനുള്ള പ്രാർത്ഥന

**കാർമ്മി:** ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, ഇഹലോക ജീവിതത്തിൽ/നിന്റെ തിരുവിഷ്ടം നിറവേറ്റി/ഭൂമിയിൽ നിന്നെ മഹത്ത്വപ്പെടുത്തിയ/വിശുദ്ധരുടെയും രക്തസാക്ഷികളുടെയും പ്രാർത്ഥനകൾ/നിന്റെ തിരുസന്നിധിയിൽ/ഞങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ. പ്രത്യേകമായി നിന്റെ സഭയിൽ സവിശേഷസ്ഥാനം അലങ്കരിക്കുന്ന വി. ചാവറയച്ചന്റെ പ്രാർത്ഥനയാൽ/ഞങ്ങളുടെ യാചനകൾക്ക് ഉത്തരമരുളുകയും/ഞങ്ങളുടെ ഹൃദയാഭിലാഷങ്ങൾ/സാധിച്ചുതരുകയും ചെയ്യണമേ. രോഗങ്ങളിൽ സൗഖ്യവും/പീഡകളിൽ ആശ്വാസവും/പരീക്ഷകളിൽ വിജയവും നല്കി/ഞങ്ങളെ അനുഗ്രഹിക്ക

ണമേ. നിന്റെ പൈതൃകമായ പരിപാലനത്തിന്റെ വല ത്തുകരം ഞങ്ങളുടെമേൽ നിഴലിപ്പിച്ച്/ഞങ്ങളുടെ ഹൃദയങ്ങളിൽ/സൗഖ്യവും മോചനവും/സമാധാനവും പ്രത്യാശയും നിറയ്ക്കണമേ. സകല കൃപാവരങ്ങളുടെയും നിക്ഷേപാലയവും/സകല സൗഭാഗ്യങ്ങളുടെയും ഉറവിടവുമായ/പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂ:** ആമ്മേൻ.

**കാർമ്മി.** (സമൂഹം ചേർന്ന്) സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,.... എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിന്റേതാകുന്നു; ആമ്മേൻ.

## സമാപനാശീർവ്വാദം

*(ജനങ്ങളുടെ നേരെ തിരിഞ്ഞ് അവരുടെമേൽ വലതുകരം ഉയർത്തി)*

**കാർമ്മി:** തന്റെ ജനത്തെ വിളിച്ച് സകല സഹായങ്ങളും സൗഭാഗ്യങ്ങളും നിറഞ്ഞ തിരുസഭയിൽ ഒരുമിച്ചുകൂട്ടുകയും കല്പനകളും ചട്ടങ്ങളും നല്കി പഠിപ്പിക്കുകയും ദൈവവചനത്താലും പരി. കൂദാശകളാലും വിശുദ്ധീകരിക്കുകയും ചെയ്യുന്ന ദൈവമായ കർത്താവിന്റെ കൃപ നിങ്ങളുടെ മേൽ ഉണ്ടായിരിക്കട്ടെ. ദൈവ തിരുമുമ്പാകെ പരിശുദ്ധരും കളങ്കമറ്റവരുമായി വ്യാപ

രിക്കാൻ ദൈവം നിങ്ങളെ ശക്തരാക്കട്ടെ. ചോദിക്കുന്നതിനുമുമ്പേ നമ്മുടെ ആവശ്യങ്ങൾ അറിയുന്ന സ്വർഗ്ഗീയപിതാവിന്റെ സ്നേഹപരിപാലനത്തിന്റെ കരങ്ങൾ നിങ്ങളുടെമേൽ ഉണ്ടായിരിക്കട്ടെ. ദൈവപരിപാലനത്തിൽ ആശ്രയം വയ്ക്കാനും ജീവിതത്തിലുണ്ടാകുന്ന സങ്കടങ്ങളെയും കുറവുകളെയും ദൈവതിരുവിഷ്ടത്തിനു വിധേയരായി ദൈവമഹത്ത്വത്തിനും ലോകത്തിന്റെ വിശുദ്ധീകരണത്തിനുമായി കർത്താവിന്റെ ബലിയോടുചേർത്ത് സമർപ്പിക്കാനും ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. പ്രത്യേകമായി വിശുദ്ധ ചാവറയച്ചന്റെ പ്രാർത്ഥനാസഹായത്താൽ നിങ്ങളുടെ ആശകൾ സഫലമാക്കുകയും പ്രതീക്ഷകൾ പൂവണിയുകയും ചെയ്യട്ടെ. പീഢകളിൽനിന്നും ദുഷ്ടപിശാചിന്റെ പരീക്ഷകളിൽനിന്നും കർത്താവിന്റെ സ്ലീവായുടെ ശക്തിയാൽ നിങ്ങൾ മോചനം പ്രാപിക്കട്ടെ. പുണ്യപ്രവൃത്തികളിൽ വ്യാപരിച്ച് ലോകത്തിൽ മിശിഹായുടെ സാക്ഷികളാകാനും നിത്യസൗഭാഗ്യം പ്രാപിക്കാനും നിങ്ങൾക്കിടയാകുകയും ചെയ്യട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേക്കും.

**സമൂ.** ആമ്മേൻ

## (തിരുശേഷിപ്പു വന്ദനം)

## സമാപനഗാനം

(പുണ്യധീരനാം......എന്ന രീതി)

കേരളസഭയിലെ മല്പാനാം
ചാവറയച്ചാ പുണ്യാത്മാ
നിന്നുടെ "ചാവരുൾ" ഈ മക്കൾ
കൈക്കൊണ്ടുത്തമരാകട്ടെ

മാമ്മോദീസാ വേളയതിൽ
ആർജ്ജിച്ചോരാ നൈർമ്മല്യം
ജീവിതകാലം മുഴുവൻ നീ
കാത്തു സഭയുടെ നറുമലരേ

ജനനദിനത്തിലുമുത്തമമാം
ചരമദിനം നാമോർക്കേണം
എന്നുരചെയ്തവനാം താതാ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

അക്ഷരമറിയാതജ്ഞതയിൽ
കഴിയുന്നവരെ സാക്ഷരരായ്
തീർത്തവനാം നീ ആചാര്യാ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

****

## വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറപിതാവിന്റെ ലഘു ജീവചരിത്രം

വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ 1805 ഫെബ്രുവരി 10-ാം തിയതി ആലപ്പുഴയിൽ കൈനകരി എന്ന ഗ്രാമത്തിൽ ചാവറ കുടുംബത്തിൽ ജനിച്ചു. 1815 ൽ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ചേർത്തലയിൽ പള്ളിപ്പുറം സെന്റ് മേരീസ് പള്ളിയോടനുബന്ധിച്ചുണ്ടായിരുന്ന സെമിനാരിയിൽ പാലയ്ക്കൽ തോമാമല്പാന്റെ കീഴിൽ വൈദികനാകുവാൻ പഠിച്ചു. 1827 ൽ സബ് ഡയക്കനേറ്റും, 1828 ൽ ഡീക്കൻപട്ടവും സ്വീകരിച്ചു. 1829 നവംബർ 29-ാം തിയതി അർത്തുങ്കൽ സെന്റ് ആൻഡ്രൂസ് ദേവാലയത്തിൽവച്ച് പൗരോഹിത്യം സ്വീകരിച്ചു.

ശിശുപ്രായത്തിൽ ചാവറയച്ചന്റെ അമ്മ ഈശോ എന്ന നാമം ചൊല്ലിക്കൊടുത്ത് വളർത്തിയതിനാൽ ഈശോയ്ക്കുവേണ്ടി അർപ്പണ മനോഭാവത്തോടെ ജീവിക്കണമെന്ന ആഗ്രഹം മനസ്സിൽ നിറഞ്ഞിരുന്നു. വൈദികനായശേഷം 1831 ൽ പാലയ്ക്കൽ തോമാമല്പാനോടും പോരൂക്കര തോമാമല്പാനോടും കൂടി കുര്യാക്കോസ് ഏലിയാസച്ചൻ മാന്നാനം കുന്നിൽ ഒരു ആത്മീയ ഭവനത്തിന് അടിസ്ഥാനമിട്ടു. കണിയാന്തറ യാക്കോബ് സഹോദരനും ഇവരോടൊപ്പം ചേർന്നു. എല്ലാറ്റിൽ നിന്നും ഒതുങ്ങി പാർക്കണമെന്നായിരുന്നു അവരുടെ ആഗ്രഹം. ഈ ഭവനത്തിന് ബേസ്‌റൗമാ (ഉയരത്തിലെ വീട്) എന്നായിരുന്നു പേര് നൽകിയിരുന്നത്. അത് വളർന്ന് അമ

ലോത്ഭവദാസസംഘം എന്ന പേരിൽ ഒരു വൈദിക സമൂഹം മാന്നാനം കുന്നിൽ രൂപപ്പെട്ടു. ഭാരതത്തിലെ ആദ്യ ഏതദ്ദേശീയ സന്യാസസഭയായ സി.എം.ഐ. അങ്ങനെ ആരംഭിച്ചു. 1841 ൽ പാലയ്ക്കൽ തോമാമ ല്പാൻ മരണമടഞ്ഞു. 1846 ൽ പോരൂക്കര തോമാമ ല്പാനും മരണമടഞ്ഞതോടെ സഭയുടെ ഉത്തരവാ ദിത്വം മുഴുവനും മരണം വരെയും കുര്യാക്കോസ് ഏലിയാസ് പിതാവിൽ നിക്ഷിപ്തമായി. സഭയെ പിടി ച്ചുലച്ച റോക്കോസ് ശീശ്മയിൽ നിന്ന് സഭയെ സംര ക്ഷിക്കുന്നതിനായി കുര്യാക്കോസ് ഏലിയാസ് പിതാ വിനെ മെത്രാപ്പോലീത്ത വികാരി ജനറാളായി നിയ മിച്ചു. 1831 മുതൽ മാന്നാനത്ത് പ്രവർത്തിച്ച കുര്യാ ക്കോസ് ഏലിയാസ് പിതാവ് വിദ്യാഭ്യാസപുരോഗ തിയ്ക്കായി മാന്നാനത്ത് സംസ്കൃതസ്കൂൾ ആരംഭി ക്കുകയും മരപ്രസ്സ് സ്ഥാപിക്കുകയും ചെയ്തു. ആരാ ധനക്രമം പരിഷ്ക്കരിക്കുകയും പള്ളികളിൽ ഞായ റാഴ്ച പ്രസംഗങ്ങളും ജനങ്ങളുടെ ആദ്ധ്യാത്മികാഭി വൃദ്ധിയ്ക്കായി ധ്യാനങ്ങളും ക്രമീകരിക്കുകയും ചെയ്ത ചാവറപിതാവ് ജീവിതത്തിന്റെ അവസാന ഏഴ് വർഷക്കാലം കൂനമ്മാവിലായിരുന്നു ചെലവഴി ച്ചത്. 1866 ൽ ഭാരതത്തിലെ ആദ്യ ഏതദ്ദേശീയ സന്യാ സിനീ സഭയായ സി.എം.സി. ക്ക് രൂപം നൽകി. 1871 ൽ കൂനമ്മാവിൽ ഭാഗ്യമരണം പ്രാപിച്ച കുര്യാക്കോസ് ഏലിയാസ് പിതാവിനെ കൂനമ്മാവ് സെന്റ് ഫിലോ മിനാസ് ദേവാലയത്തിൽ സംസ്ക്കരിച്ചു. പിന്നീട് 1889 മെയ്മാസം 24-ാം തിയതി ചാവറപിതാവിന്റെ ഭൗതി കാവശിഷ്ടങ്ങൾ കൂനമ്മാവിൽ നിന്നും സി.എം.ഐ.

സഭയുടെ മാതൃഭവനമായ മാന്നാനം ആശ്രമദേവാലയത്തിലേക്ക് മാറ്റി സ്ഥാപിച്ചു. ജീവിതകാലത്തുതന്നെ വിശുദ്ധിയുടെ നിറകുടമായിരുന്ന ചാവറപിതാവ് മരണശേഷം അനേകർക്ക് ആശ്രയകേന്ദ്രമായി. തന്റെ മദ്ധ്യസ്ഥം പ്രാർത്ഥിക്കുന്നവർക്ക് അനുഗ്രഹങ്ങൾ നൽകിയ ചാവറപിതാവിന്റെ കീർത്തി നാട്ടിലെങ്ങും പരന്നു. വിശുദ്ധ അൽഫോൻസാമ്മ രോഗിണിയായിരുന്നപ്പോൾ ചാവറപിതാവിന്റെ മദ്ധ്യസ്ഥം യാചിക്കുകയും അതിന്റെ ഫലമായി ചാവറപിതാവ് അൽഫോൻസാമ്മയ്ക്ക് രോഗശാന്തി നൽകിയതായും വിശുദ്ധ അൽഫോൻ സാമ്മ തന്നെ സ്വന്തം കൈപ്പടയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ചാവറപിതാവിന്റെ നാമകരണ നടപടികൾ 1956 ൽ ആരംഭിച്ചു. 1986 ൽ കോട്ടയത്തുവച്ച് പരിശുദ്ധപിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ചാവറപിതാവിനെ വാഴ്ത്തപ്പെട്ടവനെന്ന പദവിയിലേയ്ക്കുയർത്തി. 2014 നവംബർ 23 ന് റോമിൽവച്ച് കുര്യാക്കോസ് ഏലിയാസ് ചാവറപിതാവിനെ വിശുദ്ധനെന്ന് പരിശുദ്ധപിതാവ് ഫ്രാൻസീസ് മാർപ്പാപ്പ നാമകരണം ചെയ്തു. മാന്നാനം സെന്റ് ജോസഫ്സ് ആശ്രമദേവാലയത്തിൽ അൾത്താരയുടെ മുന്നിൽ കുര്യാക്കോസ് ഏലിയാസ് ചാവറപിതാവിന്റെ കബറിടം സ്ഥിതിചെയ്യുന്നു.

****

## കുടുംബഭദ്രതയ്ക്ക് വേണ്ടി
## വിശുദ്ധ ചാവറയച്ചന്റെ പ്രവാചക വചനങ്ങൾ

1. നല്ലക്രിസ്ത്യാനി കുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാകുന്നു. കുടുംബം എന്നാൽ, രക്തത്താലും, സ്നേഹത്താലും ബന്ധപ്പെട്ടവർ കാരണവൻമാരോടു ബഹുമാനവും വിധേയത്വവും പുലർത്തി, തമ്പുരാനോടും മനുഷ്യരോടും സമാധാനത്തിൽ വർത്തിച്ച് അവരവരുടെ അന്തസ്സിനനുസരിച്ച് നിത്യരക്ഷ പ്രാപിക്കുന്നതിന് പ്രയത്നം ചെയ്ത് ഒരുമിച്ച് ജീവിക്കുന്നതാകുന്നു.
2. കഷ്ടപ്പാടുകൾ നിറഞ്ഞ ഈ ലോകജീവിതത്തിൽ ദുഃഖങ്ങളിൽ ആശ്വാസവും സമാധാനവും നല്കുന്നത് പരസ്പര സ്നേഹവും ക്രമവും ഉള്ള കുടുംബത്തിൽ ജീവിക്കുന്നതാകുന്നു.
3. സമാധാനവും നിഷ്ഠയും ഇല്ലാത്തതും, ദൈവശുശ്രൂഷ ചെയ്യുന്നതിലും നിത്യരക്ഷനേടുന്നതിലും താത്പര്യം ഇല്ലാത്തതും ആയ കുടുംബത്തിൽ ജീവിക്കുന്നത് ഏറ്റവും വലിയ ദുരിതമാകുന്നു.
4. നിങ്ങൾ പരസ്പരം സ്നേഹത്തിൽ ജീവിക്കുവിൻ, കുറ്റങ്ങളും കുറവുകളും പരസ്പരം ക്ഷമിക്കുവിൻ. ഇങ്ങനെ ചെയ്താൽ ഈ ലോകത്തിൽ സമാധാനവും പരലോകത്തിൽ നിത്യഭാഗ്യവും നിങ്ങൾ അനുഭവിക്കും.
5. സർക്കാർ വഴക്കുകൾ കുടുംബങ്ങളെ നശിപ്പിക്കുന്നു. എത്ര ന്യായമുള്ള കാര്യങ്ങളെക്കുറിച്ചാണെങ്കിലും സർക്കാരിൽ കേസ്സിനു പോകാതിരിക്കുകയാണ് നല്ലത്.
6. ധനത്തെപ്രതി ക്രമവും ദൈവഭയവും ഇല്ലാത്ത തറവാടുകളുമായി ബന്ധുത്വം സ്ഥാപിക്കേണ്ട. എന്തെന്നാൽ ഒരു കുടുംബത്തിന് നന്മയും സന്തോഷവും വരുത്തുന്നതു ധനികരായ ബന്ധുക്കളല്ല, ക്രമവും ദൈവഭയം ഉള്ള ബന്ധുക്കളാണ്.

7. ഒരു കുടുംബത്തിന്റെ പ്രധാന സമ്പത്ത് ദൈവഭയവും ഭക്തിയുമാണ്. ഇത്തരം തറവാട് ഈ ലോകത്തിലും പര ലോകത്തിലും ദൈവാനുഗ്രഹത്തിന്റെ ഫലം അനുഭവി ക്കും. ദൂഷണങ്ങളും ദുർവാക്കുകളും കാർമേഘം പോലെ നല്ല കുടുംബത്തിന്റെ വെളിച്ചത്തെ ഇരുട്ടാക്കുന്നു.
8. ഭക്തിയെ വർദ്ധിപ്പിക്കുന്ന ജ്ഞാനപുസ്തകങ്ങളും തത്വശാസ്ത്രഗ്രന്ഥങ്ങളും മക്കൾക്കുവേണ്ടി സമ്പാദിച്ചു വയ്ക്കേണ്ട നിക്ഷേപങ്ങളാകുന്നു. ചീത്തപുസ്തക ങ്ങൾ വീട്ടിൽ വച്ച് സൂക്ഷിക്കുന്നത് വയ്ക്കോലിൽ തീ ഒളിച്ചു വയ്ക്കുന്നതിനു തുല്യമാകുന്നു.
9. മാതാപിതാക്കളെ, മക്കളെ വളർത്തുന്ന കാര്യം നിങ്ങ ളുടെ ഏറ്റവും പ്രധാനപ്പെട്ട കടമയും ഉത്തരവാദിത്വമാ ണെന്ന് നന്നായി അറിഞ്ഞുകൊള്ളുവിൻ. നിങ്ങളാൽ സൂക്ഷിക്കപ്പെടുന്നതിനായ് സർവ്വേശ്വരൻ തമ്പുരാൻ നിങ്ങളുടെ കയ്യിൽ തന്നിരിക്കുന്ന നിക്ഷേപങ്ങളാണ് മക്കൾ. തന്റെ തിരുരക്തത്താൽ വിശുദ്ധികരിക്കുന്നതി നും, ദൈവശുശ്രൂഷികളാക്കുന്നതിനും, വിധിദിവസ ത്തിൽ തിരിച്ചേൽപ്പിക്കുന്നതിനുമായി, ഈശോമിശിഹാ നിങ്ങളെ ഭരമേല്പിച്ചിരിക്കുന്ന ആത്മാവുകളാണ് മക്കൾ.
10. നിങ്ങളുടെ വാർദ്ധക്യത്തിൽ നിങ്ങളെ സംരക്ഷിക്കു വാനും ആശ്വസിപ്പിക്കുവാനും നല്ല മക്കൾ നിങ്ങൾക്കു ണ്ടാകണമെങ്കിൽ അവരുടെ ചെറുപ്രായത്തിൽ അവരെ നല്ല ക്രിസ്ത്യാനികളാക്കി വളർത്തുവിൻ.
11. അമ്മമാർ തങ്ങളുടെ ഉണ്ണികളെ കൂടെ കൂടെ തമ്പുരാന് കാഴ്ചവയ്ക്കുകയും, അവരെ ഈശോ മറിയം ഔസേ പ്പിന്റെ മധ്യസ്ഥതയിൽ ഏല്പിക്കുകയും, അവർക്കു വേണ്ടി നിരന്തരം അപേക്ഷിക്കുകയും വേണം. അമ്മ യുടെ അപേക്ഷ ഉണ്ണിയുടെ അപേക്ഷയായി ദൈവം കൈക്കൊള്ളും.

12. കുഞ്ഞുങ്ങൾ സംസാരിക്കാൻ തുടങ്ങുമ്പോൾ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നന്മനിറഞ്ഞ മറിയമേ മുതലായ പ്രാർത്ഥനകളും സുകൃതജപങ്ങളും അവരെ പഠിപ്പിക്കുക. ശരീരത്തിനുവേണ്ട ആഹാരത്തോടൊപ്പം, ഈ ആത്മീയ ഭക്ഷണവും അവർക്ക് കൊടുക്കുന്നത് നല്ലതാണ്.
13. മക്കളോടു കാണിക്കുന്ന അധികകാർക്കശ്യവും അധികഭയവും രണ്ടും തിന്മയാകുന്നു.അതിവാത്സല്യം അഹങ്കാരം ജനിപ്പിക്കുന്നു. അധികകോപവും ശിക്ഷയുമാകട്ടെ നാണമില്ലായ്മയും, ബുദ്ധിമാന്ദ്യവും, ശരണക്കേടും കുട്ടികളിൽ വരുത്തും.
14. മാതാപിതാക്കൾ പരസ്പര ബഹുമാനവും, സ്നേഹവും, വണക്കവും കാണിക്കുന്നില്ലെങ്കിൽ മക്കളും അവരെ ബഹുമാനിക്കുകയില്ല.
15. മക്കൾക്ക് ജീവിതാന്തസ്സ് തിരഞ്ഞെടുക്കേണ്ട പ്രായം വരുമ്പോൾ അവർക്ക് അതിൽ പൂർണ്ണ സ്വാതന്ത്ര്യം അനുവദിക്കണം.എന്തുകൊണ്ടെന്നാൽ അവരുടെ അന്തസ്സ് നിശ്ചയിക്കുന്നത് ദൈവത്തിന്റെയും, അത് തിരഞ്ഞെടുക്കുന്നത് അവരുടെയും കാര്യമാകുന്നു. അത് കാരണവന്മാർക്കുള്ളതല്ല.
16. മാതാപിതാക്കൾ പ്രായാധിക്യത്തിലെത്തുന്നതിനു മുമ്പു തന്നെ അതായത് അവരുടെ ബോധത്തിന് ബലക്ഷയം വരുന്നതിനു മുമ്പു തന്നെ അവരുടെ വസ്തുക്കൾ ഭാഗം ചെയ്തു കൊടുക്കുക. അല്ലെങ്കിൽ അവരുടെ മരണശേഷം മക്കൾ തമ്മിലുണ്ടാകുന്ന വഴക്ക്, തർക്കം മുതലായ പാപങ്ങൾക്ക് മാതാപിതാക്കൾ ഉത്തരവാദികളാകും.
17. കുട്ടികളെ സ്കൂളിൽ അയച്ചാൽ മാത്രം പോരാ അവർ പഠിക്കുന്നുണ്ടോ എന്നും എങ്ങനെയുള്ള കൂട്ടുകൂടി നടക്കുന്നുവെന്നും അന്വേഷിക്കണം. ഞായറാഴ്ച തോറും അവർ പഠിച്ചതിനെ പരിശോധിക്കയും വേണം.

18. വൈകീട്ട് ത്രികാലജപം കഴിഞ്ഞാലുടൻ കുടുംബ പ്രാർത്ഥന കൂട്ടമായിട്ട് നടത്തുക. ഈ സമയത്ത് എത്ര വലിയ വിശിഷ്ടാതിഥികളോ പ്രധാനികളോ ഉണ്ടായിരുന്നാലും പ്രാർത്ഥന മുടക്കരുത്, കൃത്യസമയത്തു തന്നെ അതു നടത്തുകയും വേണം.
19. വേലക്കാർക്ക് ന്യായമായ കൂലി കൊടുക്കാതിരിക്കുകയോ താമസിപ്പിക്കുകയോ ചെയ്യരുത്. എന്തെന്നാൽ ഇത് ദൈവത്തിന്റെ പക്കൽ നിലവിളിക്കുന്ന പാപമാകുന്നു.
20. പാവപ്പെട്ടവരെ നിന്ദിക്കരുത്. അവരെ ബുദ്ധിമുട്ടിപ്പിക്കുകയുമരുത് എന്തെന്നാൽ ദൈവം അവരുടെ കണ്ണുനീർ കണ്ടാൽ തീർച്ചയായും നിന്നോട് പകരം ചോദിക്കും.
21. അന്യന് ഉപകാരം ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ ചേർക്കില്ല.
22. നിന്റെ അന്തസ്സിനു ചേർന്ന വിധത്തിൽ ജോലി ചെയ്യുക.ജോലി ചെയ്യാതിരിക്കുന്നത് മാന്യതയുള്ളവരുടെ രീതിയല്ല. മടി സർവ്വദുർഗുണങ്ങളുടേയും മാതാവാകുന്നു. പ്രത്യേകിച്ച് മദ്യപാനത്തിന്റെ പിതാവാകുന്നു. മദ്യപാനം ലോകത്തിനു മുമ്പിൽ വലിയ അപമാനവും തമ്പുരാന്റെ മുമ്പിൽ വലിയ പാപവുമകുന്നു.
23. നീരസങ്ങളെക്കുറിച്ച് പകരം വീട്ടാൻ മൃഗങ്ങൾക്കുപോലും സാധിക്കും. എന്നാൽ അവയെ സാരം വയ്ക്കാതെ ക്ഷമിക്കുന്നത് മഹാശക്തിയും വിവേകമുള്ള വ്യക്തികളുടെ അടയാളവുമാണ്.
24. കടമുള്ള ദിവസങ്ങളിൽ വി.കുർബാനയിൽ പങ്കെടുക്കുന്നത് കൂടാതെ, നല്ല പ്രസംഗങ്ങൾ കേൾക്കുക, നല്ല പുസ്തകങ്ങൾ വായിക്കുക. രോഗികളെ പ്രത്യേകിച്ച് പാവപ്പെട്ടവരെ ചെന്ന് കണ്ട് ശുശ്രൂഷ ചെയ്യുക മുതലായ പരോപകാര പ്രവൃത്തികൾ ചെയ്യുക.
25. കൊച്ചുകുഞ്ഞുങ്ങൾക്ക് മനസ്സിലാകയില്ല എന്നു കരുതി

അവരുടെ മുമ്പിൽ വച്ച് ചീത്ത സംസാരങ്ങളും പരദൂഷണങ്ങളും അരുത്.

26. ധാരാളിത്വവും പിശുക്കും രണ്ടു തിന്മയാകുന്നു.പിശുക്കന്റെ വസ്തു പുഴു തിന്നും. ധാരാളിയുടെ സന്തോഷം പുകപോലെ കടന്നു പോകും.

27. നിനക്ക് സ്നേഹിതന്മാർ അധികം വേണ്ട. ആയിരം പേരിൽ നിന്ന് ഒരാളെ തിരഞ്ഞെടുക്കുക.തമ്പുരാനെ സ്നേഹിക്കാത്തവൻ സത്യമായും നിന്നെയും സ്നേഹിക്കുകയില്ലെന്ന് ഓർത്തുകൊള്ളുക.

28. നീ സമ്പന്നനാണെങ്കിൽ അത് കൊട്ടിഘോഷിക്കരുത്. വിവാഹം മുതലായ ആഘോഷങ്ങളിൽ സ്വന്തം സ്വത്തിനും പ്രാപ്തിക്കും അധികമായി ചെലവു ചെയ്യരുത്. ഒരു വലിയ വെട്ടം കാട്ടി ആളിക്കത്തി പെട്ടെന്ന് കെട്ടുപോകുന്ന ഒരു വൈക്കോൽ തുറുവിന്റെ തീയേക്കാൾ നല്ലത് ഒരു ചെറിയ വിളക്കിന്റെ നിലനിൽക്കുന്ന വെളിച്ചമാണല്ലോ.

29. പ്രത്യേകമായ ആവശ്യങ്ങൾക്കല്ലാതെ പണം വായ്പ വാങ്ങിക്കരുത്. മുമ്പ് വാങ്ങിച്ചിട്ടുണ്ടെങ്കിൽ വേഗം തിരിച്ചു കൊടുക്കാൻ ഉത്സാഹിക്കണം. എന്നാൽ കാരണവന്മാർക്ക് വല്ല കുർബാന കടങ്ങളോ ഉത്തരിപ്പ് കടങ്ങളോ ഉണ്ടെങ്കിൽ അവ വലിയ താത്പര്യത്തോടെ തീർക്കുക.

30. സൂത്രം കൊണ്ടും കളവുകൊണ്ടും ഉണ്ടാക്കപ്പെട്ട സമ്പത്ത് മഞ്ഞുപോലെ വേഗം അലിഞ്ഞുപോകും.

31. ഒരു വീട്ടിൽ നിന്ന് എല്ലാവർക്കും കുർബാനയിൽ സംബന്ധിക്കാൻ സാധിക്കുന്നില്ലെങ്കിൽ ദിവസവും ഒന്നോ രണ്ടോ പേരെങ്കിലും മാറി മാറി കുർബാനയ്ക്കു പോകേണ്ടതാകുന്നു.

****